LIBRARY ARCHIVES Kerala Legislative Assembly

അധിക വരുമാനത്തിനായി ആവിഷ്കരിച്ച പദ്ധതികൾ

148 (488) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം അധിക വരുമാന ആസ്തികൾ സൃഷ്ടിക്കുന്നതിനായി എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചു, ഓരോ പദ്ധതിയ്ക്കും വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും എത്രയെന്ന് വ്യക്തമാക്കാമോ ;

(ബി) ഇവയിൽ പൂർത്തീകരിച്ച പദ്ധതികൾ ഏതെല്ലാമെന്നും അവയിൽ ഓരോന്നിൽനിന്നും ലഭിച്ച അധിക വരുമാനം എത്രയെന്നും വെളിപ്പെടുത്തുമോ ;

(സി) പൂർത്തീകരിക്കാത്ത പദ്ധതികളുടെ പുരോഗതി വിവരിക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മൂലധന ആസ്തികൾ സൃഷ്ടിക്കുന്നതിനായി, ബജറ്റിൽ വകയിരുത്തിയതും ചെലവഴിച്ചതുമായ തുക സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

തുക കോടിയിൽ

	2011-12	2012-13	2013-14	2014-15
മൂലധനയിനത്തിൽ വകയിരുത്തിയ തുക	3834.69	6554.90	8635.03	6636.38
മൂലധനയിനത്തിൽ ചെലവഴിച്ച തുക	3852.92	4603.29	4294.33	1577.25 (30-9-2014 വരെ)

(ബി&സി) റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ തുടങ്ങിയ ആസ്തികൾ സൃഷ്ടിക്കുന്നതിന് വരുമാന വർദ്ധനവ് ലക്ഷ്യമിട്ടല്ല. കൂടാതെ ഓരോ മൂലധന ആസ്തികളിൽ നിന്നും ലഭിക്കുന്ന വരുമാനം സംബന്ധിച്ച കണക്കുകളോ അവയുടെ പൂർത്തീകരണം സംബന്ധിച്ച വിവരങ്ങളോ പ്രത്യേകം ക്രോഡീകരിച്ച് സൂക്ഷിക്കുന്നുമില്ല